## അദ്ധ്യായം ഇരുപത്തിഎട്ട്

# ദൈവത്തിന്റെ നിത്യമായ പദ്ധതി

**(God's Eternal Plan)**

ദൈവം നമ്മെ സൃഷ്ടിച്ചതെന്തിനാണ്? ദൈവത്തിന് മനുഷ്യന്റെ സൃഷ്ടിക്കു പിന്നിൽ എന്തെങ്കിലും ഉദ്ദേശമുായിരുന്നോ? മനുഷ്യന്റെ മത്സരവും, വേദനയും, ദുഃഖവും ഒക്കെ ദൈവം മുൻകൂട്ടികിരുന്നില്ലേ? എന്തിനാണ് ദൈവം മനുഷ്യനെ ഇങ്ങനെ സൃഷ്ടിച്ചത്?

ഈ ചോദ്യങ്ങൾക്കെല്ലാം വേദപുസ്തകം ഉത്തരം നൽകുന്നു. ദൈവം ആദംഹവ്വമാരെ സൃഷ്ടിക്കുന്നതിനു മുമ്പ് തന്നെ മനുഷ്യൻ പാപം ചെയ്യുമെന്ന് ദൈവം അറിഞ്ഞിരുന്നു. വീണുപോയ മനുഷ്യനെ രക്ഷയിലേക്കു നയിക്കുവാൻ പുത്രനായ ക്രിസ്തുവിലൂടെ ദൈവം പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ദൈവത്തിന്റെ പൂർവ്വസൃഷ്ടിയെക്കുറിച്ച് പൗലോസ് എഴുതി.

> അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധവിളികൊു വിളിക്കയും ചെയ്തു നമ്മുടെ പ്രവൃത്തികൾ നിമിത്തമല്ല, സകലകാലത്തിന്നും മുമ്പേ ക്രിസ്തു യേശുവിൻ നമുക്കു നൽകിയിരിക്കുന്നത് (2 തിമോ 1:9).

ക്രിസ്തുവിലൂടെ ദൈവത്തിന്റെ കൃപ മനുഷ്യന് നൽകപ്പെട്ടിരുന്നു. യേശുവിന്റെ ത്യാഗപൂർണ്ണമായ മരണം ദൈവം മുന്നമേ നിശ്ചയിച്ചതായിരുന്നു.

എഫേസ്യർക്ക് എഴുതിയ ലേഖനത്തിൽ പൗലോസ് പറയുന്നു.

> അവൻ നമ്മുടെ കർത്താവായ യേശുവിൽ നിവർത്തിച്ച അനാദിനിർണ്ണയ പ്രകാരം സഭ മുഖാന്തിരം അറിയായ്‌വരുന്നു (എഫേ 3:11).

യേശുവിന്റെ ക്രൂശ്മരണം പെട്ടെന്ന് രൂപപ്പെട്ട ഒരു സംഘർഷത്തിന്റെ ഫലമായിരുന്നില്ല. ദൈവിക പദ്ധതിയിൽ വെളിപ്പെട്ട ദൈവിക ഉദ്ദേശമായിരുന്നു.

ദൈവത്തിന്റെ കൃപ മനുഷ്യന്റെ മേൽ പകരണമെന്നുമാത്രമല്ല ദൈവം ആഗ്രഹിച്ചത്, അത് ആർക്കൊക്കെ നൽകണമെന്നുപോലും ദൈവം മുൻനിയമിച്ചിരുന്നു.

> ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കേയും അതിനെ നമസ്കരിക്കും (വെളി 13:8).

ആദാമിന്റെ പതനം യാദൃശ്ചികമായിരുന്നില്ല തന്മൂലം അത് ദൈവത്തിന് ഒരതിശയമായിരുന്നില്ല. ഇതുപോലെതന്നെ എന്റെ വീഴ്ചയും നിന്റെ

വീഴ്ചയും, നാം പാപം ചെയ്യുമെന്ന് ദൈവത്തിന് അറിയാം, നാം അനുതപിച്ച് യേശുക്രിസ്തുവിൽ വിശ്വസിക്കുമെന്നു ദൈവത്തിന് അറിയാം.

## അടുത്ത ചോദ്യം
## (The Next Question)

യേശുവിനെ ചിലർ കൈക്കൊള്ളുമെന്നും ചിലർ നിരസിക്കുമെന്നും ദൈവത്തിനു അറിയാമായിരുന്നു. ഇതറിഞ്ഞുകൊുതന്നെ ദൈവം എന്തിനാണ് യേശുവിനെ നിരസിക്കുന്നവരെ സൃഷ്ടിച്ചത്? അനുതപിച്ച് യേശുവിൽ വിശ്വസിക്കുന്നവരെ ദൈവത്തിന് സഷ്ടിച്ചാൽ മതിയായിരുന്നില്ലേ?

ഇതിന്റെ ഉത്തരം മനസ്സിലാക്കാൻ അല്പം ബുദ്ധിമുട്ടാണ് എന്നാൽ അസാധ്യമല്ല.

ആദ്യമായി, എന്തും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ജീവനുള്ള ദൈവത്തെ ആരാധിക്കണമോ വേയോ എന്നു തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം മനുഷ്യന് നൽക്കപ്പെട്ടിട്ട്. അനുസരിക്കണമോ, വേയോ, അനുതപിക്കണമോ, വേയോ ഇതിനുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യന് നൽകിയിരിക്കുന്നു. തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യനു്.

നാം ഓരോരുത്തരും നമ്മെത്തന്നെ ഒന്നു ശോധനചെയ്യുന്നത് നന്നായിരിക്കും. നാം എന്തുചെയ്യുമെന്ന് ദൈവത്തിന് നേരത്തെ അറിയാം എങ്കിലും ചില പ്രവൃത്തികൾ നാം ചെയ്യുമ്പോൾ ദൈവം ഇതെല്ലാം മുൻഅറിയുന്നു എന്ന ബോധത്തോടെ ചെയ്യണം.

ഉദാഹരണത്തിന്, ഒരു ഫുട്ബാൾ മത്സരത്തിന്റെ ഫലം മത്സരം തുടങ്ങുംമുമ്പേ ദൈവത്തിന് അറിയാം എങ്കിലും അതിന്റെ ഫലം പുറപ്പെടാൻ തീർച്ചയായും ഇരു ടീമുകളും ഫുട്ബാൾ കളിച്ചേമതിയാവു.

നീതിബോധമുള്ള വ്യക്തികൾക്ക് തീരുമാനമെടുക്കാൻ അവസരം ലഭിച്ചാൽ അവർഎടുക്കുന്ന തീരുമാനങ്ങളെ ദൈവം മുന്നമേ അറിയുന്നു. എന്നാൽ അനുതപിക്കുകയും യേശുവിൽ വിശ്വസിക്കുകയും ചെയ്യുന്നവരെ മാത്രമല്ല ദൈവം സഷ്ടിച്ചത്.

## മറ്റൊരു ചോദ്യം
## (Another Question)

അനുസരിക്കുന്നവരെ മാത്രമാണ് ദൈവത്തിനു ഇഷ്ടമെങ്കിൽ ദൈവം നമുക്ക് നമ്മുടെ ഇഷ്ടംപോലെ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം തന്നതെന്തിനാണ്? എന്തുകൊ് പൂർണ്ണഅനുസരണയുള്ള ഒരു പറ്റം റോബോട്ടുകളെ സൃഷ്ടിച്ചില്ല?

ഉത്തരം ലളിതം. ദൈവം പിതാവാണ്. പിതൃപുത്രബന്ധമാണ് ദൈവം ആഗ്രഹിക്കുന്നത്. റോബോട്ടുകൾക്ക് ഒരുപിതൃപുത്രബന്ധം സാദ്ധ്യമ

ല്ല. ദൈവം ആഗ്രഹിക്കുന്നത് ഒരു കുടുംബബന്ധമാണ്. ഈ കുടുംബത്തിൽ കുഞ്ഞുങ്ങൾക്ക് അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. വചനപ്രകാരം നോക്കിയാൽ ദൈവത്തിന്റെ മുൻനിർണ്ണയമായിരുന്നു ഇത് എന്ന് നമുക്ക് മനസ്സിലാക്കാം.

> സ്നേഹത്തിലൂടെ മുൻനിർണ്ണയപ്രകാരം ക്രിസ്തുവഴി ദൈവം നമ്മെ പുത്രന്മാരായി ദത്തെടുത്തു. ദൈവത്തിന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ (എഫേ 1:4-5).

നമ്മുടെ കയ്യിൽ ഇരിക്കുന്ന ഒരു പാവ നമ്മെ സ്നേഹിക്കുന്നു എന്നു പറയുന്നു എന്നുകരുതുക. ആ പാവയുടെ വാക്കുകളിൽ എന്ത് വൈകാരിക ഭാവമാണുള്ളത്? റോബോട്ടുകളിൽ നിന്നു ദൈവത്തിന് ലഭിക്കുന്ന സ്നേഹ ത്തിന്റെ വാക്കുകളും ഇതിനുസമാനമാണ്. ഈ വാക്കുകൾ ഹൃദയത്തിൽ ഒരു ചലനവും സൃഷ്ടിക്കുകയില്ല. പാവയ്ക്ക് മനുഷ്യനെയോ, റോബോട്ടിന് ദൈവത്തേയോ സ്നേഹിക്കുവാൻ കഴിയുകയില്ല.

സ്നേഹത്തിന്റെ ആഴം ഹൃദയത്തിന്റെ ഇച്ഛയിൽനിന്നുതിരുന്ന ഒരു വികാരമാണ്. പാവയ്ക്കും റോബോട്ടിന്നും ചിന്താശക്തിയില്ല അവയ്ക്ക് വികാരവിചാരങ്ങളില്ല.

ദൈവത്തിനാവശ്യം ദൈവം പിതാവായുള്ള, മനുഷ്യൻ മക്കളായുള്ള, ഒരു കുടുംബമാണ്. ആ കുടുംബത്തിൽനിന്നും ലഭിക്കുന്ന സ്നേഹം ദൈവം കൊതിക്കുന്നു. ധാർമ്മിക ഉത്തരവാദിത്വം ഉൾക്കൊള്ളുന്ന ഒരു കുടുംബപ ശ്ചാത്തലം ദൈവം ആഗ്രഹിക്കുന്നു. സുവിശേഷത്തിനു വേിയുള്ള വിളി ഉയ രുന്ന ചില ഹൃദയങ്ങളെ ദൈവം തേടുന്നു. പാപത്തിന്റെ ഭാണ്ഡങ്ങളെ വലി ച്ചെറിഞ്ഞ് ദൈവത്തിന്റെ കോപാഗ്നിയിൽ പെട്ടുപോകാത്തവരെയാണ് ദൈവം തേടുന്നത്.

നരകത്തിൽ അകപ്പെട്ടുപോയ ഒരു മനുഷ്യനും ദൈവത്തിന് എതിരെ വിരൽ ചൂവാൻ സാദ്ധ്യമല്ല. കാരണം ഓരോ പാപിക്കും നരകത്തിൽ അക പ്പെടാതെ രക്ഷപെടുവാനുള്ള അനവധി അവസരങ്ങൾ ദൈവം ഒരുക്കിക്കൊ ടുത്തിട്ടു്. സകലമനുഷ്യനും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാന ത്തിൽ എത്തുവാനും അവൻ ഇച്ഛിക്കുന്നു. (1 തിമോ 2:4, 2 പത്രോ 3:9). ഓരോ മനുഷ്യനും രക്ഷപ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു, എന്നാൽ തീരുമാനം ഓരോരുത്തരും സ്വയമായിട്ട് എടുക്കേതാണ്.

## വചനപരമായ മുൻനിയമനം

## (Biblical Predestination)

ലോകസ്ഥാപനത്തിന് മുമ്പേ അവൻ നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു എന്ന് പുതിയ നിയമത്തിൽ കാണുന്ന ദൈവത്തിന്റെ മുൻനിയമനത്തെക്കുറിച്ചുള്ള വചനത്തെപ്പറ്റി എന്തുപറയുന്നു?

ചിലരെ ദൈവം തിരഞ്ഞെടുക്കുകയും ചിലരെ ദൈവം നാശത്തിലേക്ക് ഏല്പിച്ചിരിക്കുകയും ചെയ്തിരിക്കുന്നു എന്ന് ചിലർ ചിന്തിക്കുന്നു. ചിലർ നല്ലവരായിരിക്കണമെന്നും ചിലർ മോശക്കാരായിരിക്കണമെന്നും ദൈവമാണ് നിശ്ചയിക്കുന്നത് എന്ന് ചിലർ ധരിക്കുന്നു. ഇത് നമ്മുടെ ഇച്ഛക്ക് എതിരാണ്. ഇങ്ങനെ വചനം നമ്മെ പഠിപ്പിക്കുന്നില്ല. മുൻനിയമനത്തെക്കുറിച്ച് വചനം എന്തുപറയുന്നു എന്നു നമുക്ക് നോക്കാം.

ദൈവം നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു എന്നത് സത്യമാണ്. ലോകസ്ഥാപനം മുതൽ അവൻ നമ്മെ തിരഞ്ഞെടുക്കുകയും സുവിശേഷത്തിന്റെ ശക്തിയാൽ അനുതാപത്തിലൂടെ നാം ദൈവത്തിങ്കലേക്ക് അടുപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. പക്ഷേ അനുതപിക്കണമോ, ദൈവത്തിങ്കലേക്കു അടുക്കണമോ എന്നൊക്കെ തീരുമാനിക്കേത് ദൈവമല്ല, വ്യക്തികളാണ്. ഓരോ വ്യക്തിക്കും അതിനുള്ള സ്വാതന്ത്ര്യമു്. ദൈവം തിരഞ്ഞെടുത്തവരെക്കുറിച്ച് അപ്പോസ്തലനായ പൗലോസ് പറഞ്ഞിരിക്കുന്നത് നമുക്ക് നോക്കാം.

> ദൈവം മുന്നറിഞ്ഞിട്ടുള്ള തന്റെ ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല. ഏലിയാവിന്റെ ചരിത്രത്തിൽ തിരുവെഴുത്തു പറയുന്നതു അറിയുന്നില്ലയോ? അവൻ യിസ്രായേലിനു വിരോധമായി കർത്താവെ, അവൻ നിന്റെ പ്രവാചകന്മാരെ കൊന്നു നിന്റെ യാഗപീഠങ്ങളെ ഇടിച്ചു കളഞ്ഞു. ഞാൻ ഒരുത്തൻമാത്രം ശേഷിച്ചിരിക്കുന്നു, അവർ എനിക്കു ജീവഹാനി വരുത്തുവാൻ നോക്കുന്നു. എന്നു ദൈവത്തോടു വാദിക്കുമ്പോൾ അവന്നു അരുളപ്പാട് ഉായത് എന്ത്? ബാലിനു മുട്ടുകുത്താത്ത ഏഴായിരം പേരെ ഞാൻ എനിക്കായി ശേഷിപ്പിച്ചിരിക്കുന്നു എന്നു തന്നേ. ഇങ്ങനെ ഈ കാലത്തിലും കൃപയാലുള്ള തിരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പു് (റോമ:11:2-5).

ശ്രദ്ധിക്കുക, ഏഴായിരം പേരെ ദൈവം തനിക്കു വേി ശേഷിപ്പിച്ചിട്ടു് എന്ന് ഏലിയാവിനോടു ദൈവം പറഞ്ഞു.എന്നാൽ ഈ ഏഴായിരം പേർ ബാലിനുമുമ്പിൽ മുട്ടുമടക്കുകയില്ലാ എന്നു ഒരു തീരമാനം എടുത്തവരാണ്. ഇതുപോലെ ദൈവത്തിന്റെ ഇച്ഛപ്രകാരം യഹൂദന്മാരുടെ ഒരു ശേഷിപ്പ് ഉായിരിക്കുമെന്ന് പൗലോസ് പറയുന്നു അതുകൊ് നമുക്ക് പറയുവാൻ കഴിയും അതേ,ദൈവം നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു. എന്നാൽ ആദ്യം സ്വയം ഒരു തിരഞ്ഞെടുപ്പു നടത്തിയവരെയാണ് ദൈവം തിരഞ്ഞെടുത്തത് എന്നോർക്കണം. യേശുവിനെ വിശ്വസിച്ചവരെയാണ് ദൈവം തെരഞ്ഞെടുത്ത് രക്ഷിച്ചത്. ഇത് ദൈവത്തിന്റെ മുൻ നിർണ്ണയമായിരുന്നു.

## ദൈവത്തിന്റെ മുന്നറിവ്

**(Gods' Foreknowledge)**

സ്വയം നല്ല പാത തിരഞ്ഞെടുത്തവരെ ദൈവം മുന്നറിഞ്ഞിരുന്നു എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. പൗലോസ് എഴുതി:

> പരദേശികളായി പാർക്കുന്നവർക്കു ദൈവത്തിന്റെ മുന്നറിവിന്നു ഒത്ത വണ്ണം (1 പത്രോ 1:1-2 എ).

ദൈവത്തിന്റെ മുന്നറിവിൻ പ്രകാരം നാം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. മുന്നറിയപ്പെട്ട വിശ്വാസികളെക്കുറിച്ച് പൗലോസ് എഴുതുന്നു.

> അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേതിന്നു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചിരിക്കുന്നു. മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതികരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു (റോമ 8:29 -30).

നമ്മിൽ ആരൊക്കെ യേശുവിനെ വിശ്വസിക്കുമെന്നും, പുത്രന്റെ സ്വരൂപത്തോടു അനുരൂപപ്പെടുമെന്നും, ദൈവത്തിന്റെ കുടുംബത്തിൽ അംഗത്വം പ്രാപിക്കുമെന്നും ദൈവം മുന്നറിഞ്ഞിരുന്നു. അവൻ നമ്മെ സുവിശേഷത്തിലൂടെ വിളിച്ചു (നീതികരിച്ചു) അവന്റെ രാജ്യത്തിന്റെ മഹത്വത്തിന്നായി വേർതിരിച്ചു.

പൗലോസ് ഇങ്ങനെ എഴുതി:

> സ്വർഗ്ഗത്തിലെ സകല ആത്മിക അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൻ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും, നിഷ്ക്കളങ്കരും, ആകേതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തിരം നമ്മെ തെരഞ്ഞെടുക്കേതിന്നു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ (എഫേ 1:1-3).

സത്യം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു -അതായത് ലോകസ്ഥാപനത്തിനുമുമ്പ് അവന്റെ വിശുദ്ധപുത്രനായ യേശുക്രിസ്തുമുഖാന്തിരം ദൈവം നമ്മെ മുന്നിയമിച്ചിരിക്കുന്നു (മുന്നറിഞ്ഞവർ അനുതപിക്കുകയും വിശ്വസിക്കുകയും ചെയ്തു).

നേരത്തെ എടുത്തുപറഞ്ഞതുപോലെ ബൈബിളിലെ വചനങ്ങൾ യഥാർത്ഥത്തിൽ ഉൾക്കൊള്ളുന്ന ആശയത്തെ വളച്ചൊടിച്ച്, രക്ഷ ദൈവത്തിന്റെ തിരഞ്ഞെടുപ്പാണെന്നും മനുഷ്യന് അതിൽ യാതൊരു പങ്കുമില്ലെന്നും ചിലർ കരുതുന്നു. വ്യവസ്തയില്ലാത്ത തിരഞ്ഞെടുപ്പ് എന്ന് ഇതിനെ

വിളിക്കുന്നു, അതായത് ഒരു വ്യവസ്തയുമില്ലാതെ നടത്തപ്പെടുന്ന തിരഞ്ഞെടുപ്പ്? നമ്മുടെ താത്പര്യങ്ങൾ സാധിച്ചുതരുമെന്ന വിശ്വാസത്തോടെ നാം രാഷ്ട്രീയ നേതാക്കളെ തെരഞ്ഞെടുക്കുന്നു. ജീവിത പങ്കാളികളേയും ചില നിബന്ധനകൾക്കു വിധേയമായി നാം തിരഞ്ഞെടുക്കുന്നു. എന്നാൽ ദൈവത്തിന്റെ തിരഞ്ഞെടുപ്പ് ഒരുവൻ രക്ഷിക്കപ്പെട്ടവനാണോ അല്ലയോ എന്ന വ്യവസ്ഥയ്ക്ക് വിധേയമല്ലായെന്ന് ചില വേദപണ്ഡിതന്മാർ വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ ഒരുവന്റെ രക്ഷ തികച്ചും യാദൃശ്ചികമാണ്. വ്യവസ്ഥയില്ലാത്ത തിരഞ്ഞെടുപ്പ് എന്നു പറയുന്നതുതന്നെ വൈരുദ്ധ്യം ഉളവാക്കുന്നു. വ്യവസ്ഥയില്ലാത്ത തെരഞ്ഞെടുപ്പ് തെരഞ്ഞെടുപ്പല്ല. തികച്ചും യാദൃശ്ചികമാണ്.

## വലിയ രൂപഭാവം
## (The Big Picture)

നമുക്ക് മുമ്പിൽ ഒരു വലിയ ചിത്രം തെളിയുന്നു. നാം പാപം ചെയ്യുമെന്ന് ദൈവത്തിന് അറിയാമായിരുന്നു. അതുകൊ് ദൈവം നമ്മുടെ പാപമോചനത്തിനുള്ള പദ്ധതി നാം ജനിക്കും മുമ്പെ ഉാക്കിയിരുന്നു. ദൈവത്തിന്റെ അത്ഭുതകരമായ സ്നേഹവും നീതിയും കൊ്, പാപമില്ലാത്ത തന്റെ പരിശുദ്ധനായ പുത്രൻ നമ്മുടെ പാപത്തിന് പകരം യാഗം ആകുക, അതായിരുന്നു ദൈവത്തിന്റെ പദ്ധതി. ദൈവത്തിന്റെ മുന്നിയമനം മനുഷ്യൻ തന്റെ പാപത്തെക്കുറിച്ച് അനുതപിക്കുകയും യേശുവിനെ വിശ്വസിക്കുകയും ചെയ്യണമെന്നത് മാത്രമായിരുന്നില്ല; നാം യേശുവിനെപ്പോലെ ആയിത്തീരുക എന്നു കൂടിയായിരുന്നു. പൗലോസ് പറഞ്ഞതുപോലെ ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു (ഗലാ 2:20).

വീുംജനനം പ്രാപിച്ച ദൈവമക്കൾ ദൈവം നമുക്കുതരുന്ന അദ്രവത്വമുള്ള ശരീരവുമായി, സ്നേഹിച്ചും, സേവിച്ചും, ആരാധിച്ചും സ്വസ്ഥതയുള്ള സ്വർഗ്ഗീയ ജീവിതം നയിച്ച് പിതാവിനോടൊപ്പം വസിക്കും. നാം പുതിയ ഭൂമിയിലും പുതിയ യറുശലേമിലും പാർക്കും. ഇതൊക്കെയും യേശുവിന്റെ ക്രൂശ് മരണത്തിലൂടെ മാത്രമേ ലഭ്യമാകുകയുള്ളു. ദൈവത്തിന്റെ മുന്നിയമനപദ്ധതിക്ക് നമുക്ക് ദൈവത്തെ സ്തുതിക്കാം!

## ഇപ്പോഴത്തെ ജീവിതം
## (This Present Life)

ദൈവത്തിന്റെ അനന്തമായ പദ്ധതിയെക്കുറിച്ച് ബോധ്യമായാൽ നമ്മുടെ ഈ വർത്തമാനകാലജീവിതം എന്താണെന്ന് നമുക്ക് മനസ്സിലാകും. പ്രാഥമികമായി, ഈ ജീവിതം നമുക്ക് ഒരു പരീക്ഷമാത്രമാണ്. സന്തോഷവും അനുഗ്രഹവും ഉള്ളവരായി നിത്യതയിൽ പിതാവിനോടൊപ്പം നാം വസിക്കണമോ എന്ന് തീരുമാനിക്കുന്നത് നമ്മുടെ ഇവിടുത്തെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലാണ്. വിശ്വസിക്കുകയും, തന്നത്താൻ താഴ്ത്തുകയും അനു

തപിക്കുകയും ചെയ്യുന്നവൻ ഉയർത്തപ്പെടും (ലൂക്കോ 18:14). *ഈ ലോകജീവിതം ഭാവികാലജീവിതത്തിന്റെ ഒരു പരീക്ഷണശാലയാണ്.*

ഈ ലോകജീവിതത്തിന്റെ ചില നിഗൂഢതകൾ മനസ്സിലാക്കാൻ ഇത് നമ്മെ സഹായിക്കുന്നു. ഉദാഹരണത്തിന്, എന്തുകൊ് മനുഷ്യനെ ഉപദ്രവിക്കാൻ സാത്താനേയും അവന്റെ സൈന്യത്തേയും ദൈവം അനുവദിക്കുന്നു? അല്ലെങ്കിൽ, സാത്താനെ സ്വർഗ്ഗത്തിൽനിന്നു ആട്ടിപ്പായിച്ചപ്പോൾ ഭൂമിയിൽ കഴിയുവാൻ എന്തുകൊ് ദൈവം അവനെ അനുവദിച്ചു?

സാത്താൻ പോലും ദൈവത്തിന്റെ വലിയ ഒരു പദ്ധതിയെ പൂർത്തികരിക്കുന്നതിനുവേി നിലകൊള്ളുന്നു. മനുഷ്യവർഗ്ഗത്തിന് തിരഞ്ഞെടുക്കലിന്റെ ഒരു കണ്ണിയായി സാത്താൻ പ്രവർത്തിക്കുന്നു. യേശുവിനും സാത്താനും ഇടയ്ക്കാണ് മനുഷ്യൻ. ഒരുവന് യേശുവിനേയോ സാത്താനേയോ തിരഞ്ഞെടുക്കാനുള്ള അവസരം ു്. മനുഷ്യന് തിരഞ്ഞെടുക്കാൻ യേശുമാത്രമേ ഉായിരുന്നുള്ളു എങ്കിൽ എല്ലാവരും ആവശ്യമുങ്കെിലും ഇല്ലെങ്കിലും യേശുവിനെ തിരഞ്ഞെടുക്കുമായിരുന്നു.

ഒരു സ്ഥാനാർത്ഥിമാത്രമേ ഉള്ളു എങ്കിൽ എല്ലാവർക്കും വോട്ടുചെയ്യുവാൻ സാധിക്കുമൊ? സ്ഥാനാർത്ഥിയെ ഐക്യകണ്ഠേന വിജയിയായി പ്രഖ്യാപിക്കും. വോട്ടർമാർക്ക് തന്നോടുള്ള സ്നേഹത്തെയും വിശ്വാസത്തെയും മനസ്സിലാക്കാൻ സ്ഥാനാർത്ഥിക്ക് സാധിക്കുകയില്ല. ദൈവും ഇതേ ചുറ്റുപാടിലാണ്. ദൈവത്തോടു മത്സരിക്കാൻ ആരുമില്ലായെങ്കിൽ എല്ലാവരും ദൈവത്തെ ഐക്യകണ്ഠേന അംഗീകരിക്കും തന്മൂലം മനുഷ്യന്റെ സ്നേഹവും വിശ്വാസവും അറിയുവാൻ ദൈവത്തിന് കഴിയുകയില്ല.

ഈ മാനദണ്ഡത്തിൽനിന്നുകൊ് നമുക്ക് ചിന്തിക്കാം. ഏദൻതോട്ടത്തിൽ വിലക്കപ്പെട്ട കനി ഇല്ലായിരുന്നെങ്കിൽ ആദംഹൗവ്വ ദമ്പതികൾ എന്തു ചെയ്യുമായിരുന്നു? അവർ റോബോട്ടുകളെപ്പോലെ ആകുമായിരുന്നു. ഞങ്ങൾ ദൈവത്തെ അനുസരിക്കുന്നു - എന്നവർ പറയുമായിരുന്നു കാരണം അവരുടെ അനുസരണ ചോദ്യം ചെയ്യപ്പെടുന്നില്ലല്ലോ?

''ആദമും ഹവ്വയും എന്നെ സ്നേഹിക്കുന്നു'' എന്നു ദൈവത്തിനു പറയുവാൻ കഴിയുകയില്ലായിരുന്നു. കാരണം ദൈവത്തോടുള്ള അവരുടെ അനുസരണയേയും സ്നേഹത്തേയും പ്രദർശിപ്പിക്കാൻ അവസരം ഇല്ലല്ലോ. പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവുതന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും (യാക്കോ 1:13). ദൈവം എല്ലാവരേയും ശോധനചെയ്യുന്നു (സങ്കീ 11:5, സദൃ 17:3). ഒരുവനെ ദൈവം സാത്താന്റെ പ്രലോഭനത്തിന് ഏല്പിക്കുന്നു, അതൊരു പരീക്ഷയാണ്. അതുകൊ് ദൈവത്തിന്റെ നിത്യമായ പദ്ധതിക്ക് സാത്താൻ അനിവാര്യഘടകമാണ്.

### ഒരു സമ്പൂർണ്ണ മാതൃക

## (A Perfect Example)

> ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നതൊക്കെയും പ്രമാണിച്ചുനടപ്പിൻ; അതിനോടുകൂട്ടരുത്; അതിൽനിന്ന് കുറക്കയും അരുത്. നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകനോ സ്വപ്നക്കാരനോ എഴുന്നേറ്റു: നീ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ നാം ചെന്നു സേവിക്ക എന്നു പറഞ്ഞുംകൊു ഒരു അടയാളമോ അത്ഭുതമോ മുന്നറിയിക്കയും അവൻ പറഞ്ഞ അടയാളമോ അത്ഭുതമോ സംഭവിക്കയും ചെയ്താൻ ആ പ്രവാചകന്റെയോ സ്വപ്നക്കാരന്റെയോ വാക്കു നീ കേട്ടനുസരിക്കരുത് നിങ്ങളുടെ ദൈവമായ യഹോവയെ പൂർണ്ണമനസ്സോടും കൂടെ നിങ്ങൾ സ്നേഹിക്കുന്നുവോ എന്നു അറിയേതിന്നും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ പരീക്ഷിക്കുകയാകുന്നു (ആവ 13:1–4).

പ്രവാചകന് അത്ഭൂതങ്ങളും അടയാളങ്ങളും ചെയ്യാൻ അമാനുഷിക ശക്തി നൽകിയത് ദൈവമല്ല, സാത്താനാണ്. ദൈവത്തെക്കുറിച്ച് ഒരു പരീക്ഷണത്തിലുടെ തന്റെ ജനത്തിന്റെ ഉള്ള് അറിയാൻ ദൈവം സാത്താനെ അനുവദിക്കുകയാണ്.

ഇതുപോലെതന്നെ യിസ്രായേൽ ജനം ദൈവത്തെ അനുസരിക്കുന്നുവോ എന്നറിയാൻ യിസ്രായേൽ ജനത്തെ പൊതിയുവാൻ ശത്രുരാജ്യങ്ങളെ ദൈവം അനുവദിക്കുന്നതായി ന്യായാധിപന്മാരുടെ പുസ്തകം 2:21, 3:8 വാക്യങ്ങളിൽ നാം വായിക്കുന്നു. യേശുക്രിസ്തുവും ഇതേ പരീക്ഷണത്തിന് വിധേയമാക്കപ്പെട്ട് മരുഭൂമിയിൽ പിശാചിനാൽ പരീക്ഷിക്കപ്പെട്ടത് ദൈവത്തിന്റെ അനുവാദത്തോടെയാണ് (മത്താ 4:1). യേശു പാപമില്ലാത്തവനാണെന്ന് തെളിയിക്കപ്പെടണം അതിനുള്ള ഏകമാർഗ്ഗം ഈ പരിക്ഷയിൽ വിജയിക്കുക എന്നുള്ളതാണ്.

## എല്ലാകുറ്റത്തിനും കാരണക്കാരൻ സാത്താനല്ല
## (Satan Does Not Deserve All the Blame)

സുവിശേഷത്തെ സ്വീകരിക്കാൻ അനുവദിക്കാതെ സാത്താൻ പലരുടേയും കണ്ണുകൾ കുരുടാക്കി ഈ ലോകത്ത് അനേകരെ വഞ്ചിച്ചുകൊിരിക്കുന്നു; എന്നാൽ പിശാചിന് വെറുതെ ആരെയും കുരുടാക്കാൻ കഴിയുകയില്ലായെന്ന് നാം അറിഞ്ഞിരിക്കണം. സത്യത്തെ അവഗണിക്കുന്നവരെ പിശാച് വഞ്ചിക്കുന്നു എന്നെയുള്ളു. അവിശ്വാസികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചുനടക്കുന്നു. അവർ അല്പബുദ്ധികളായി അജ്ഞാനം നിമിത്തം ദൈവത്തിന്റെ ജീവനിൽ നിന്ന് അകന്നു പോകുന്നു; ഇതിന്റെ കാരണം വെളിപ്പെടുത്തിയിരിക്കുന്നു.

> ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധിഅനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നെ, ദൈവത്തിന്റെ ജീവനിൽനിന്ന് അകന്നു മനം തഴമ്പിച്ചുപോയവർ ആകയാൽ അത്യാ

ഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിന്നു തങ്ങളെതന്നെ ഏല്പിച്ചിരിക്കുന്നു. (എഫേ:4:17 ബി-19).

ജാതികൾ സാത്താനാൽ വഞ്ചിക്കപ്പെട്ട നിർഭാഗ്യവാന്മാരല്ല. അവർ പാപികളായ മത്സരികളാണ്. അവരുടെ ഹൃദയകാഠിന്യം അവരെ അജ്ഞരാക്കി തന്മൂലം പിശാചിനാൽ വഞ്ചിക്കപ്പെട്ടിരിക്കുന്നു.

ആരും വഞ്ചിതരായി കഴിയേതില്ല. നമ്മുടെ ജീവിതം തന്നെ അതിന് തെളിവുതരുന്നു. നിങ്ങളുടെ ഹൃദയം ദൈവത്തിങ്കലേക്ക് പകർന്നാൽ, ദൈവം നിങ്ങളുടെ ഹൃദയത്തെ ആർദ്രമാക്കും, സാത്താന് നിങ്ങളെ പിന്നെ വഞ്ചിക്കാൻ കഴിയുകയില്ല.

> അവസാനമായി, സാത്താൻ യേശുവിന്റെ ആയിരാമാ് വാഴ്ചകാലത്ത് ബന്ധിക്കപ്പെടും അപ്പോൾ അവന് ആരുടെമേലും യാതൊരു ആധിപത്യവും ഉായിരിക്കയില്ല. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആക്കേു ചങ്ങലയിട്ടു.ആയിരം ആുകഴിവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചുവിടേതാകുന്നു (വെളി 20:2-3).

സാത്താൻ തടവിലാക്കപ്പെടുന്നതിനുമുമ്പ് അവൻ ദേശങ്ങളെ വഞ്ചിച്ചു, എന്നാൽ അവൻ ബന്ധിക്കപ്പെട്ടതുകൊ് ഇനി ആരേയും വഞ്ചിക്കുവാൻ കഴിയുകയില്ല. എന്നാൽ അവൻ ബന്ധനത്തിൽനിന്നു വിടുവിക്കപ്പെട്ടാൽ വീും ദേശത്തെ വഞ്ചിക്കും.

> ആയിരം ആുകഴിയുമ്പോഴോ സാത്താനെ തടവിൽനിന്നു അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടപ്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിന്നായി കൂട്ടിച്ചേർക്കേതിന്നു വശീകരിപ്പാൻ പുറപ്പെടും (വെളി 20:7-9).

ദൈവം സാത്താനെ അല്പകാലത്തേക്ക് അഴിച്ചുവിടുന്നതെന്തിനാണ്? യേശുവിനെ ഹൃദയത്തിൽ വെറുക്കുകയും എന്നാൽ യേശുവിനെ അനുസരിക്കുന്നെന്ന് നടിക്കുകയും ചെയ്യുന്നവരുടെ യഥാർത്ഥ സ്വഭാവം സാത്താന്റെ ഭരണത്തിൽ വെളിപ്പെടുത്താനാണ് സാത്താനെ അഴിച്ചുവിടുന്നത്. അവരെല്ലാം നീതിയോടെ വിധിക്കപ്പെടും. അത് അന്ത്യവിധിയായിരിക്കും.

സാത്താന് ഭൂമിയിൽ പ്രവർത്തിക്കുവാൻ അനുവാദം ലഭിച്ചിരിക്കുന്നു. ഹൃദയത്തിൽ ക്രിസ്തുവിനോടു കൈയ്പുള്ളവർക്ക് അത് വെളിപ്പെടുകയും അവസാനം വിധിക്കപ്പെടുകയും ചെയ്യും. പിശാച് ജനത്തെ തെറ്റിക്കാൻ കഴിയാത്തവണ്ണം കത്തുന്ന തീപൊയ്കയിൽ നിത്യമായ പീഡനത്തിലേക്ക് എറിയപ്പെടും (വെളി 10:10).

## ഭാവിലോകത്തിലേക്കുള്ള തയ്യാറെടുപ്പ്
## (Preparing for the Future World)

അനുതപിച്ച്, സുവിശേഷത്തിൽ വിശ്വസിച്ചാൽ ഈ ലോകജീവിതത്തിലെ പരമപ്രധാനമായ പരീക്ഷയെ ജയിച്ചു എന്നു കരുതാം. തുടർന്നു നിങ്ങളുടെ വിശ്വസ്തതയേയും സമർപ്പണത്തേയും ദൈവം നിരീക്ഷിച്ചുകൊണ്ടേയിരിക്കും. വിശ്വാസജീവിതത്തിൽ തുടരുന്നവർമാത്രം ദൈവത്തിന്റെ മുമ്പിൽ വിശുദ്ധരും കുറ്റമില്ലാത്തവരുമായി കണക്കാക്കപ്പെടും (കൊലോ 1:22-23).

ഒരിക്കൽ നാമെല്ലാം ദൈവത്തിന്റെ ന്യായവിധിക്കുമുമ്പിൽ നില്ക്കപ്പെടും; ഭൂമിയിൽ നാം ദൈവത്തെ അനുസരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രതിഫലം ലഭിക്കും. അതുകൊണ്ട് നാം ഇപ്പോഴും ദൈവത്താൽ ശോധനചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു, എന്നാൽ ഭാവിയിൽ ദൈവരാജ്യത്തിൽ പ്രതിഫലം ലഭിക്കും.

> എന്നാൽ നീ സഹോദരനെ വിധിക്കുന്നതു എന്ത്? അല്ല, നീ സഹോദരനെ ധിക്കരിക്കുന്നതു എന്ത്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്നു മുമ്പാകെ നില്ക്കേണ്ടി വരും. എന്നാണ എന്റെ മുമ്പിൽ എല്ലാമുഴങ്കാലും മടങ്ങും, എല്ലാനാവും ദൈവത്തെ സ്തുതിക്കും എന്നു കർത്താവു അരുളിച്ചെയ്യുന്നു. എന്നു എഴുതിയിരിക്കുന്നുവല്ലോ. ആകയാൽ നമ്മിൽ ഒരോരുത്തൻ ദൈവത്തോടു കണക്കുബോധിപ്പിക്കേണ്ടിവരും (റോമ 14: 10-12).

> അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്ന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരി 5:10).

> ആകയാൽ കർത്താവു വരുവോളം സമയത്തിന്നു മുമ്പെ ഒന്നും വിധിക്കരുത്; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്നു ഓരോരുത്തന്നു ദൈവത്തിങ്കൽനിന്നു പുകഴ്ച ഉാകും (1 കൊരി 4:5).

## എന്തായിരിക്കും പ്രതിഫലം
## (What will be the Rewards)

കുലീനനായൊരു മനുഷ്യൻ രാജത്വം പ്രാപിച്ചു മടങ്ങിവരേണം എന്നുവെച്ചു ദൂരദേശത്തേക്കു യാത്രയായി. അവൻ പത്തു ദാസന്മാരെ വിളിച്ചു അവർക്കു പത്തു റാത്തൽ വെള്ളി കൊടുത്തു; ഞാൻ വരുവോളം വ്യാപാരംചെയ്തുകൊൾവിൻ എന്ന് അവരോടു പറഞ്ഞു. അവന്റെ പൗരന്മാരോ അവനെ പകെച്ചു അവന്റെ പിന്നാലെ

പ്രതിനിധികളെ അയച്ചു; അവൻ ഞങ്ങൾക്ക് രാജാവായിരിക്കുന്നതു ഞങ്ങൾക്ക് സമ്മതമല്ല എന്നുബോധിപ്പിച്ചു. അവൻ രാജത്വം പ്രാപിച്ചു മടങ്ങിവന്നപ്പോൾ താൻ ദ്രവ്യം കൊടുത്തിരുന്ന ദാസന്മാർ വ്യാപാരം ചെയ്തു എന്തുനേടി എന്നു അറിയേതിന്നു അവരെ വിളിപ്പാൻ കല്പിച്ചു. ഒന്നാമത്തവൻ അടുത്തു വന്നു; കർത്താവെ നീ തന്ന റാത്തൽ കൊ പത്തു റാത്തൽ സമ്പാദിച്ചിരിക്കുന്നു എന്നു പറഞ്ഞു. അവൻ അവനോടു: നന്നു നല്ല ദാസനേ; നീ അത്യല്പത്തിൽ വിശ്വസ്തൻ ആയതുകൊ് പത്തു പട്ടണത്തിന്നു അധികാരമുള്ളവൻ ആയിരിക്ക എന്നു കല്പിച്ചു. രാമൻ വന്നു: കർത്താവെ, നീ തന്ന റാത്തൽ കൊ് അഞ്ചു റാത്തൽ സമ്പാദിച്ചിരിക്കുന്നു എന്നു പറഞ്ഞു. നീയും അഞ്ചു പട്ടണത്തിന്നു മേൽവിചാരകൻ ആയിരിക്ക എന്നു അവൻ അവനോടു പറഞ്ഞു. മറ്റൊരുവൻ വന്നു: കർത്താവെ: ഇതാ നിന്റെ റാത്തൽ; ഞാൻ അതു ഒരു ഉറുമാലിൽ കെട്ടിവച്ചിരുന്നു. നീ വെക്കാത്തതു എടുക്കയും വിതെക്കാത്തതു കൊയ്യുകയും ചെയ്യുന്ന കഠിനമനുഷ്യൻ ആകകൊ് ഞാൻ നിന്നെ ഭയപ്പെട്ടു എന്നു പറഞ്ഞു. അവൻ അവനോടു: ദുഷ്ടദാസനെ നിന്റെ വായിൽനിന്നുതന്നെ ഞാൻ നിന്നെ ന്യായം വിധിക്കും. ഞാൻ വെയ്ക്കാത്തതു എടുക്കയും വിതെയ്ക്കാത്തതു കൊയ്യുകയും ചെയ്യുന്ന കഠിനമനുഷ്യൻ എന്നു നീ അറിഞ്ഞുവല്ലോ. ഞാൻ വന്നു എന്റെ ദ്രവ്യം പലിശയോടുകൂടെ വാങ്ങിക്കൊള്ളേതിന്നു അതു നാണ്യപീഠത്തിൽ ഏല്പിക്കാത്തതു എന്തു? പിന്നെ അവൻ അരികിൽനിന്നവരോടു: ആ റാത്തൽ അവന്റെ പക്കൽനിന്നെടുത്ത് പത്തു റാത്തലുള്ളവന് കൊടുപ്പിൻ എന്നു പറഞ്ഞു. കർത്താവെ, അവനു പത്തു റാത്തൽ ഉല്ലോ എന്നു അവർ പറഞ്ഞു. ഉള്ളവനു എവനും കൊടുക്കും ഇല്ലാത്തവനു ഉള്ളതും കൂടെ എടുത്തുകളയും എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്നാൽ ഞാൻ തങ്ങൾക്ക് രാജാവായിരിക്കുന്നതു സമ്മതമില്ലാത്ത ശത്രുക്കളായവരെ ഇവിടെ കൊവന്നു എന്റെ മുമ്പിൽവെച്ചു കൊന്നുകളവിൻ എന്നു അവൻ കല്പിച്ചു (ലൂക്കോ 19:12-27).

ഇതിലെ യജമാനനെപ്പെലെയാണ് യേശു. അവൻ മടങ്ങിവരും. അപ്പോൾ നമുക്ക് നല്കപ്പെട്ടിരിക്കുന്ന താലന്തുകൾ അതായത് നമ്മുടെ കഴിവുകൾ, ശുശ്രൂഷകൾ, അവസരങ്ങൾ നമുക്ക് ലഭിച്ച ഈ താലന്തുകൾ - ഇരട്ടിയായി മടക്കിക്കൊടുക്കണം. നാം വിശ്വസ്തരായി എണ്ണപ്പെട്ടാൽ അവന്റെ അംഗീകാരം ലഭിക്കും, അവനോടു ചേർന്നുനില്ക്കുവാനുള്ള അവകാശവും ഭൂമിയെ ഭരിക്കവാനുള്ള അധികാരവും ലഭിക്കും (2 തിമോ 2:12, വെളി 2:26-27, 5:10; 20:6) അതായത് വിശ്വസ്തതയോടു പ്രവർത്തിക്കുന്ന ദാസന് പട്ടണത്തിന്റെ അധികാരം ലഭിക്കും എന്ന് ഈ ഉപമ വെളിപ്പെടുത്തുന്നു.

## നമ്മുടെ ഭാവിവിധിയുടെ ശ്രേഷ്ടത
## (The Fairness of our Future Judgement)

നമ്മുടെ ഭാവിവിധിയെ വെളിപ്പെടുത്താൻ യേശു പറഞ്ഞ മറ്റൊരു ഉപമ:

> സ്വർഗ്ഗരാജ്യം തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേതിന്നു പുലർച്ചക്കു പുറപ്പെട്ട വീട്ടുടയവനോടു സദൃശം. വേലക്കാരോടു അവൻ ദിവസത്തേക്കു ഓരോ വെള്ളിക്കാശു പറഞ്ഞൊത്തിട്ടു, അവരെ മുന്തിരിത്തോട്ടത്തിൽ അയച്ചു. മൂന്നാം മണിനേരത്തും പുറപ്പെട്ടു. മറ്റു ചിലർ ചന്തയിൽ മിനക്കെട്ടു നില്ക്കുന്നതു കു; നിങ്ങളും മുന്തിരിത്തോട്ടത്തിൽ പോകുവിൻ; ന്യായമായതു തരാം എന്നു അവരോടു പറഞ്ഞു; അവർ പോയി. അവൻ ആറാം മണിനേരത്തും ഒമ്പതാം മണിനേരത്തും ചെന്നു അങ്ങനെ തന്നെ ചെയ്തു. പതിനൊന്നാം മണിനേരത്തും ചെന്നു, മറ്റു ചിലർ നില്ക്കുന്നതുകിട്ടു; നിങ്ങൾ ഇവിടെ പകൽ മുഴുവൻ മിനക്കെട്ടു നില്ക്കുന്നതു എന്തു എന്നു ചോദിച്ചു. ഞങ്ങളേ ആരും കൂലിക്കു വിളിക്കായ്കകൊത്രേ എന്നു അവർ പറഞ്ഞപ്പോൾ; നിങ്ങളും മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ എന്നു അവരോടു പറഞ്ഞു. സന്ധ്യയായപ്പോൾ മുന്തിരിത്തോട്ടത്തിന്റെ ഉടയവൻ തന്റെ വിചാരകനോടു: വേലക്കാരെ വിളിച്ചു, പിമ്പന്മാർ തുടങ്ങി മുമ്പന്മാർ വരെ അവർക്കു കൂലികൊടുക്ക എന്നു പറഞ്ഞു. അങ്ങനെ പതിനൊന്നാംമണി നേരത്തുവന്നവർ ചെന്നു ഓരോ വെള്ളിക്കാശു വാങ്ങി. മുമ്പന്മാർ വന്നപ്പോൾ തങ്ങൾക്കു അധികം കിട്ടും എന്നു നിരൂപിച്ചു; അവർക്കും ഓരോ വെള്ളിക്കാശു കിട്ടി. അതു വാങ്ങിയിട്ട് അവർ വീട്ടുടയവന്റെ നേരെ പിറുപിറുത്തു. ഈ പിമ്പന്മാർ ഒരു മണിനേരം മാത്രം വേലചെയ്തിട്ടും നീ അവരെ പകലത്തെ ഭാരവും വെയിലും സഹിച്ച ഞങ്ങളോടു സമമാക്കിയല്ലോ എന്നു പറഞ്ഞു. അവരിൽ ഒരുത്തനോടു അവൻ ഉത്തരം പറഞ്ഞത്: സ്നേഹിതാ ഞാൻ നിന്നോടു അന്യായം ചെയ്തില്ല; നീ എന്നോടു ഒരു പണം പറഞ്ഞൊത്തില്ലയോ? നിന്റെതുവാങ്ങി പൊയ്ക്കൊൾക; നിനക്കു തന്നതുപോലെ ഈ പിമ്പന് കൊടുക്കാൻ എനിക്കുമനസ്സു. എനിക്കുള്ളതിനെക്കൊു മനസ്സുപോലെ ചെയ്‌വാൻ എനിക്കു ന്യായമില്ലയോ? ഞാൻ നല്ലവൻ ആകകൊു നിന്റെ കണ്ണുകടിക്കുന്നവോ? ഇങ്ങനെ പിമ്പന്മാർ മൂമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും (മത്താ: 20: 1-16).

യേശുവിന്റെ ശുശ്രൂഷകന്മാർക്കെല്ലാം അവസാനം ഒരേ പോലെ പ്രതിഫലം ലഭിക്കുമെന്ന് ഈ ഉപമയിൽ യേശു പറയുന്നില്ല.അതുശ്രേഷ്ടമല്ലായെന്നുമാത്രമല്ല പല ദൈവവചനങ്ങൾക്കും വിരുദ്ധമാണ് (ഉദാഹരണത്തിന് ലൂക്കോ 19:12-27, 1 കൊരി 3:8 നോക്കുക).

യേശു പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക, ദൈവഭൃത്യന്മാർക്ക് പ്രതിഫലം ലഭിക്കുന്നത്, ദൈവത്തിനുവേി അവർ എന്തുചെയ്തു എന്നതിന്റെ അടിസ്ഥാനത്തിലല്ല, അവർക്ക് എത്രമാത്രം അവസരം ദൈവം നൽകി എന്നതന്റെ പാശ്ചാത്തലത്തിലാണ്. തോട്ടത്തിൽ ഒരു മണിക്കൂർ പണിയെടുത്തവൻ, അവന് അവസരം ലഭിച്ചിരുന്നെങ്കിൽ ദിവസം മുഴുവൻ അദ്ധ്വാനിക്കുമായിരുന്നു. അതുകൊ് തോട്ടത്തിൽ ഒരു മണിക്കൂർ അദ്ധ്വാനിക്കുവാൻ അവസരം ലഭിച്ചവനും തുല്യമായ വേതനം നൽകപ്പെട്ടു.

ദൈവം തന്റെ ഭൃത്യന്മാർക്ക് പലവിധത്തിലുള്ള അവസരങ്ങൾ നൽകുന്നു. ചിലർക്ക് ദൈവം ആയിരങ്ങളെ ശുശ്രൂഷിച്ച് അനുഗ്രഹിക്കാനുള്ള ശ്രേഷ്ടമായ കഴിവുകൾ നൽകുന്നു. എന്നാൽ ചിലർക്ക് വളരെ ചെറിയ അവസരങ്ങൾ നൽകി അവരുടെ കഴിവുകളെ പ്രകാശിപ്പിക്കാൻ പ്രാപ്തിനൽകുന്നു. എന്നാൽ ഏല്പിച്ചത് വിശ്വാസത്തോടെ നിർവ്വഹിച്ചാൽ അവർക്കും അതേ പ്രതിഫലം തന്നെ ലഭിക്കും.[71]

## ഉപസംഹാരം
## (The Conclusion)

ദൈവത്തെ അനുസരിക്കുക എന്നതിലുപരി പ്രാധാന്യമുള്ളത് മറ്റൊന്നില്ല, ഒരിക്കൽ ഏവർക്കും അത് ബോധ്യമാകും.[71] ബുദ്ധിയുള്ളവർ അത് അറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും!

> എല്ലാറ്റിന്റേയും സാരം കേൾക്കുക, ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക, അതു ആകുന്നു സകലമനുഷ്യർക്കും വേുന്നത്. ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ (സഭാ: 12:13-14).

ശിഷ്യന്മാരെ വാർത്തെടുക്കാൻ താത്പര്യമുള്ള ഒരു ശുശ്രൂഷകൻ തികഞ്ഞ ഹൃദയത്തോടുതന്റെ ശിഷ്യന്മാരെ ഉത്തേജിപ്പിക്കുന്ന രീതിയിലുള്ള കാര്യങ്ങൾ മാത്രമെ ചെയ്യുകയുള്ളു!

ന്യായവിധിയെക്കുറിച്ചുള്ള കൂടുതൽ പഠനത്തിന് മത്താ 6:1-6, 16-18; 10:41-42; 12:36-37; 19:28-29; 25:14-30; ലൂക്കോ 12:2-3, 14: 12-14: 16: 10-13, 1 കൊരി 3:5-15, 2 തിമോ 2:12, 1 പത്രോ 1:17, വെളി 2:26-27, 5:10, 20:6 നോക്കുക.

---

71 . ചെറുപ്രായത്തിൽതന്നെ അനുസരിച്ച് അനുതപിച്ച് കർത്താവിനുവേി അനേകനാൾ വിശ്വസ്തതയോടെ അദ്ധ്വാനിക്കുന്ന ഒരവനും ജീവിതസായാഹ്നത്തിൽ അനുതപിച്ച് കർത്താവിനുവേി വിശ്വസ്തതയോടെ ഒരു വർഷംമാത്രം അദ്ധ്വാനിച്ച ഒരുവനും തുല്യമായ പ്രതിഫലം ലഭിക്കുമെന്ന് ഈ ഉപമപഠിപ്പിക്കുന്നില്ല. അതുശരിയല്ല കാരണം ഒരുവന് ലഭിച്ച അവസരത്തിന്റെ അടിസ്ഥാനത്തിലാണ് പ്രതിഫലമെങ്കിൽ, ഒരുവന് ജീവിതത്തിൽ പലപ്പോഴും അവസരം ലഭിക്കുന്നു്. അതുകൊ് കൂടുതൽ അദ്ധ്വാനിക്കുന്നവന് കൂടുതൽ ലഭിക്കും കുറച്ച് അദ്ധ്വാനിക്കുന്നവന് കുറച്ചുലഭിക്കും.